milma®

**Malabar Regional Co-operative Milk Producers' Union Ltd.**

Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

NO:MRU:P&I:153(B):Edu.fee:2024-25/393 02.09.2024

**സർക്കുലർ നമ്പർ 1006/2024**

**വിഷയം:** **വെറ്ററിനറി/ഡെയറി സയൻസ് കോഴ്സ്സുകൾക്ക് പഠിക്കുന്ന ക്ഷീരോൽപ്പാദകരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്.**

മലബാർ മേഖലാ യൂണിയനിൽ അംഗങ്ങളായിട്ടുള്ള ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലെ അംഗങ്ങളായ ക്ഷീരോൽപാദകരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിന് പദ്ധതിയുണ്ട്. വെറ്ററിനറി/ഡെയറി സയൻസ് കോഴ്സ്സുകൾക്ക് പഠിക്കുന്നതിനായി പുതുതായി അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് (State Veterinary Universities/ICAR Institutes/National Institutes) ട്യൂഷൻ ഫീ ഇനത്തിലേയ്ക്ക് ധനസഹായം നൽകുന്നതിന് നിർദ്ദിഷ്ട മാതൃകയിലുള്ള ഫോറത്തിൽ **(Form – F10)** അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2024-25 അദ്ധ്യയന വർഷത്തിൽ വെറ്ററിനറി/ഡയറി സയൻസ് കോഴ്സ്സുകൾക്ക് ട്യൂഷൻ ഫീ ഇനത്തിൽ അടവാക്കിയ തുകയാണ് ഇത്തരത്തിൽ അനുവദിക്കുന്നത്. വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ താഴെയുള്ളവരും അപേക്ഷാ തീയ്യതിയ്ക്ക് തൊട്ടുമുമ്പുള്ള മൂന്ന് മാസം ക്ഷീര സംഘത്തിൽ ചുരുങ്ങിയത് 500 ലിറ്റർ പാലെങ്കിലും നൽകിയ ക്ഷീര കർഷകരുടെ മക്കൾക്ക് മാത്രമേ ട്യൂഷൻ ഫീ തുക അനുവദിക്കുകയുള്ളൂ.

നിർദ്ദിഷ്ട അപേക്ഷാ ഫോറം **(Form – F10)** അതാത് ജില്ലാ/പി ആന്റ് ഐ സബ് യൂണിറ്റ് ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷയും, അപേക്ഷ ഫോറത്തിൽ ഉള്ളടക്കം ചെയ്യാൻ ആവശ്യപ്പെട്ട രേഖകളും 31.10.2024-തീയ്യതിയ്ക്കകം ബന്ധപ്പെട്ട പി&ഐ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ആവശ്യമായ പ്രചരണം നൽകി അർഹരായ അപേക്ഷകരെ കണ്ടെത്തുന്നതിനുള്ള നടപടികൾക്ക് സംഘം മുൻകൈ എടുക്കണമെന്ന് താത്പര്യപ്പെടുന്നു.

**മാനേജിംഗ് ഡയറക്ടർ**

**എല്ലാ അംഗ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും**

**പകർപ്പ് - നടപടികൾക്കായി**

എല്ലാ ജില്ലാ പി ആന്റ് ഐ/ സബ് യൂണിറ്റ് മേധാവികൾക്കും } അപേക്ഷകൾ പരിശോധിച്ച് അർഹമായ അപേക്ഷകൾ ഹെഡ് ഓഫീസിൽ 06.11.2024 തീയ്യതിയ്ക്കകം ലഭിക്കത്തക്കവണ്ണം അയക്കേണ്ടതാണ്.

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. ★ No. D 89 (D) Calicut

**പകർപ്പ് - അറിവിലേയ്ക്കായി**

(1) ജനറൽ മാനേജർ
(2) മാനേജർ പി ആന്റ് ഐ
(3) എല്ലാ വകുപ്പ് മേധാവികൾക്കും
(4)സീനിയർ മാനേജർ, കോഴിക്കോട്/പാലക്കാട് ഡെയറി
(5) എല്ലാ ഡെയറി മാനേജർമാർക്കും
(6) മാനേജർ, എം.പി.എഫ് പ്രൊജക്ട്
(7) ആൻസിലിയറി യൂണിറ്റ് ഇൻചാർജ്ജ്, സി.പി.ഡി
(8)പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
(9) പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
(10) www.mrcmpu.com/E-Stock Files.